കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# അമ്പലപ്പാറ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2016-2017

ജില്ലാ ഓഡിറ്റ് കാര്യാലയം

പാലക്കാട്

e-mail:dopkd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം. കെ.എസ്.എ-പികെഡി16/1583/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

പാലക്കാട്, തീയതി- 29.08.2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

അമ്പലപ്പാറ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം :അമ്പലപ്പാറ ഗ്രാമപഞ്ചായത്ത് -2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം അമ്പലപ്പാറ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

റിപ്പോർട്ടിലെ ഭാഗം 2ലെ ഖണ്ഡികകളിലേയ്ക്കും ഭാഗം 3ലെ ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1. കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം

2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്

3. കാര്യാലയ പകർപ്പ്

നം. കെ.എസ്.എ-പികെഡി16/1583/17 തീയതി – 29.08.2017

പാലക്കാട് ജില്ലയിലെ അമ്പലപ്പാറ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള

ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ അമ്പലപ്പാറ ഗ്രാമപഞ്ചായത്തിന്റെ 2016-17സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 18.09.16 മുതൽ 30.06.2017 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 20 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 20 എണ്ണത്തിനും മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. സുനിൽദാസ്, ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 20.07.2017 മുതൽ 26.07.2017 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.അരവിന്ദാക്ഷൻ.കെ.വി. | ഓഡിറ്റ് ഓഫീസർ |

| | | |
|---|---|---|
| | ശ്രീ. രാമകൃഷ്ണൻ.കെ.പി. | അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി. നസീറാബാനു എ | സീനി. ഗ്രേഡ് ഓഡിറ്റർ |
| | ശ്രീമതി.അനില.സി.എസ്. | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ. കെ. കെ. കുഞ്ഞൻ | 01.04.16 മുതൽ 31.03.17 വരെ |
| സെക്രട്ടറി | ശ്രീ. കെ. സതീഷ് കുമാർ | 01.04.16 മുതൽ 20.12.16 വരെ |
| | ശ്രീ.അജിത്കുമാർ.എ. ആർ | 21.12.16 മുതൽ 31.12.16 വരെ |
| | ശ്രീമതി. നിഷ എൻ.ആർ | 01.01.17 മുതൽ 04.01.17 വരെ |
| | ശ്രീ. ജോമോൻ ജോർജ്ജ് | 05.01.17 മുതൽ 31.03.17 വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | |
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി. ഐഷാബി.കെ | 01.04.16 മുതൽ 31.03.17 വരെ |
| മെഡിക്കൽ ഓഫീസർ<br>സി എച്ച് സി | ഡോ. അഷ്റഫ് | 01.04.16 മുതൽ 31.03.17 വരെ |
| മെഡിക്കൽ ഓഫീസർ ഹോമിയോ | ഡോ. വി. ജ്യോതിഷ് | 01.04.16 മുതൽ 31.03.17 വരെ |
| മെഡിക്കൽ ഓഫീസർ ആയുർവേദം | ഡോ. ധന്യ | 01.04.16 മുതൽ 31.03.17 വരെ |
| വെറ്ററിനറി സർജൻ | ഡോ.രാജേഷ് | 01.04.16 മുതൽ 31.03.17 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ. രവിശങ്കർ. ഇ. വി. | 01.04.16 മുതൽ 31.03.17 വരെ |
| ഐ സി ഡി എസ് സൂപ്പർവൈസർ | ശ്രീമതി. തങ്കം. കെ | 01.04.16 മുതൽ 31.03.17 വരെ |
| കൃഷി ഓഫീസർ | ശ്രീ. സാബു സി. എസ്. | 01.04.16 മുതൽ 31.03.17 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി. പ്രസന്ന | 01.04.16 മുതൽ 31.03.17 വരെ |

| | | |
|---|---|---|
| ഹെഡ് മിസ്ട്രസ്സ് | ശ്രീമതി.കെ.കെ.പ്രേമകുമാരി | 01.04.16 മുതൽ 31.03.17 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | വിനിൽ.എസ് | 01.04.16 മുതൽ 21.08.16 വരെ |
| | അജിത്കുമാർ | 3.08.16 മുതൽ 4.1.17 വരെ |
| | ശ്രീ. ജോയ് | 05-01-17 മുതൽ 31.03.17 വരെ |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

| | |
|---|---|
| 2016-17 ലെ ബജറ്റ് പാസ്സാക്കിയ നം./തിയ്യതി | 1/15.3.2016 |

## 1-2 വാർഷിക ധനകാര്യപത്രിക.

| സാമ്പത്തിക വർഷം | ഓഡിറ്റിൽ ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2016-17 | 31.7.2017 | 12.7.2017 |

## 1-3 ഓഡിറ്റ് സർട്ടിഫിക്കറ്റ്

വാർഷിക ധനകാര്യപത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധം 1-ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുൻബാക്കി | 12131679.50 |
| വരവ് | 62084417.00 |
| ആകെ | 74216096.50 |
| ചെലവ് | 55690078.00 |
| നീക്കിബാക്കി | 18526018.50 |

## 1-5 ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം)

| ഫണ്ടിനം | മുൻ ബാക്കി | അനുവദിച്ച തുക | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 15401290 | 15401290 | 10607658 | 4793632 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 12265200 | 12265200 | 5240100 | 7025100 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 0 | 0 | 0 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 12844245 | 12844245 | 1543658 | 11300587 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 4145970 | 4145970 | 1402887 | 2743083 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 8637547 | 8637547 | 5394900 | 3242647 |
| ലോക ബാങ്ക് സഹായം | 0 | 4934014 | 4934014 | 3238683 | 1695331 |
| ആകെ | | 58228266 | 58228266 | 27427886 | 30800380 |

പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്കായി വിവിധ സ്രോതസ്സുകളിൽ നിന്നും തൻവർഷം ലഭിച്ച തുകകളിൽ 52.9 % തുകകളും (3.08 കോടി രൂപ) ചെലവഴിക്കാൻ കഴിഞ്ഞില്ല. ആസൂത്രണം ചെയ്ത പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കാൻ ഭരണസമിതിയുടെയും നിർവ്വഹണ ഉദ്യോഗസ്ഥരുടെയും കൂട്ടായ ശ്രമം ആവശ്യമാണ്. ലഭ്യമാകുന്ന തുകകളെ പരമാവധി പ്രയോജനപ്പെടുത്തുകയും പഞ്ചായത്തിന്റെ സമഗ്ര വികസനം സാധ്യമാക്കുകയും ചെയ്യാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

# 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | പദ്ധതി അടങ്കൽ | നടപ്പാക്കിയത് | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| 245 | 87132218 | 92 | 30343659 | --- | 153 | 34.82 |

| നിർവ്വഹണ | പദ്ധതികളുടെ | നടപ്പാക്കിയത് | ആകെ അടങ്കൽ | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|

| ഉദ്യോഗസ്ഥർ | എണ്ണം | | | | |
|---|---|---|---|---|---|
| സെക്രട്ടറി | 23 | 9 | 9651025 | 4031513 | 41.77 |
| അസി.സെക്രട്ടറി | 10 | 4 | 6305121 | 2080910 | 33 |
| അസി.എഞ്ചിനീയർ | 179 | 56 | 46876515 | 9968124 | 21.3 |
| കൃഷി ഓഫീസർ | 4 | 3 | 5489400 | 3550608 | 64.7 |
| വെറ്ററിനറി സർജൻ | 5 | 3 | 5125000 | 347500 | 6.8 |
| പി.എച്ച്.സി അലോപ്പതി | 5 | 4 | 1387800 | 1007869 | 72.6 |
| ആയുർവ്വേദം | 1 | 1 | 400000 | 400000 | 100 |
| ഹോമിയോ | 1 | 1 | 50000 | 50000 | 100 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 4 | 4 | 5330900 | 4496078 | 84.3 |
| വി.ഇ.ഒ | 10 | 4 | 4636800 | 2556400 | 55,1 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 1 | 1 | 856250 | 831250 | 97 |
| ഹെഡ് മാസ്റ്റർ | 2 | 2 | 1023407 | 1023407 | 100 |

പഞ്ചായത്തിന്റെ വിവിധ മേഖലയിലെ വികസനം ലക്ഷ്യം വെച്ച് അതാതു മേഖലകളിലുള്ള നിർവ്വഹണ ഉദ്യോഗസ്ഥരുടെ സാന്നിധ്യത്തിൽ പ്രോജക്റ്റുകൾ ആവിഷ്ക്കരിക്കുമ്പോൾ അവ നടപ്പിലാക്കേണ്ട ബാധ്യത നിർവ്വഹണ ഉദ്യോഗസ്ഥന്മാർക്കുണ്ട്. ഇപ്രകാരം 176 പ്രോജക്റ്റുകൾക്ക് അംഗീകാരം ലഭിച്ചെങ്കിലും 87 പ്രോജക്റ്റുകൾ നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല. നടപ്പിലാക്കിയ 89 പ്രവൃത്തികൾക്കായി 57.1% തുക മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. മെഡിക്കൽ ഓഫീസർ ആയുർവ്വേദം, മെഡിക്കൽ ഓഫീസർ ഹോമിയോ, ഡയറി എക്സ്റ്റൻഷൻ ഓഫീസർ, ഐ.സി.ഡി.എസ്. സൂപ്പർവൈസർ എന്നിവർ 80% ൽ കൂടുതൽ തുക ചെലവഴിച്ചപ്പോൾ വെറ്ററിനറി സർജൻ, അസിസ്റ്റന്റ് എഞ്ചിനീയർ, സെക്രട്ടറി, അസിസ്റ്റന്റ് സെക്രട്ടറി എന്നിവർ 50% ൽ താഴെ മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. ഇപ്രകാരം പ്രോജക്റ്റുകൾ നടപ്പിലാക്കാത്തതിനാൽ മറ്റു തദ്ദേശ ഭരണ സ്ഥാപനങ്ങളിലെ ജനങ്ങൾക്ക് ലഭിച്ച ആനുകൂല്യം ഇവിടെയുള്ളവർക്ക്

ലഭിക്കാതെ പോയത് നിർവ്വഹണത്തിലെ വീഴ്ചയായി വിലയിരുത്തുന്നു. ലഭിക്കുന്ന ഫണ്ടിനനുസരിച്ച് പരമാവധി പ്രോജക്ടുകൾ ആവിഷ്കരിക്കുന്നതിനും അവ നടപ്പിലാക്കുന്നതിനും ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 1-7 തനത് വരുമാനം

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | %(+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 3173101 | 4905454 | 1732353 | 54.6 (+) |
| നികുതിയേതര വരവുകൾ | 1359226 | 1515796 | 156570 | 11.5 (+) |
| ആകെ | 4532327 | 6421250 | 1888923 | 41.7 (+) |

## 1-8 സാമൂഹ്യക്ഷേമ പദ്ധതി മുഖേനയുള്ള നിർവ്വഹണത്തിലെ കാര്യപ്രാപ്തി

| ക്രമ നം. | പദ്ധതി | 2016-17 ൽ ലഭിച്ച അപേക്ഷകൾ | നിശ്ചിത ദിവസ ത്തിനകം തീരുമാന മെടുത്തവ | നിരസിച്ചവ | കാലതാമസ മുണ്ടെങ്കിൽ പരിഹാര മാർഗ്ഗം |
|---|---|---|---|---|---|
| 1 | കർഷക തൊഴിലാളി പെൻഷൻ | 7 | 2 | 4 | 1 എണ്ണം അന്വേഷണത്തിന് അവശേഷിക്കുന്നു |
| 2 | തൊഴിൽ രഹിത വേതനം | 2 | 0 | 2 | --- |
| 3 | വിധവാ പെൻഷൻ | 129 | 92 | 28 | 9 എണ്ണം അന്വേഷണത്തിന് അവശേഷിക്കുന്നു |
| 4 | വികലാംഗ പെൻഷൻ | 38 | 23 | 4 | 11 എണ്ണം അന്വേഷണത്തിന് അവശേഷിക്കുന്നു |
| 5 | അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 18 | 11 | 4 | 3 എണ്ണം അന്വേഷണത്തിന് അവശേഷിക്കുന്നു |

| | | | | | |
|---|---|---|---|---|---|
| 6 | വാർദ്ധക്യകാല പെൻഷൻ | 764 | 532 | 157 | 75 എണ്ണം അന്വേഷണത്തിന് അവശേഷിക്കുന്നു |

അന്വേഷണത്തിന് അവശേഷിക്കുന്നവ മാർച്ച് മാസത്തിൽ ലഭിച്ച അപേക്ഷകളാണ്. അതുകൊണ്ട് തീർപ്പാക്കുന്നതിന് കാലതാമസമുണ്ടാകുന്നില്ലെന്ന് ബോധ്യപ്പെട്ടു. ഒരു ദിവസം അന്വേഷിക്കാൻ കഴിയുന്ന അപേക്ഷകളുടെ എണ്ണം ഗണ്യമായി കുറയ്ക്കുന്നതിന് പ്രദേശത്തിന്റെ ഭൂമിശാസ്ത്ര ഘടന കാരണമാകുന്നുണ്ടെന്ന് വി.ഇ.ഒ അറിയിച്ചു.

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 24.7.2017 ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. 145398 രൂപ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ക്രമ നം | ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയ്യതി | ഗുരുതരമായ ഓഡിറ്റ് പരാമർശങ്ങൾ |
|---|---|---|---|---|---|
| 1 | പെർഫോമൻസ് ഓഡിറ്റ് | 27.6.2017 | 1.5.2017മുതൽ 31.5.2017 വരെ | 28.6.2017 | ഇല്ല |
| 2 | അക്കൗണ്ടൻറ് ജനറലിന്റെ ഓഡിറ്റ് | 13.2.2014 മുതൽ 26.2.2014 വരെ | 2008-09 മുതൽ 2012-13 വരെ | 8.4.2014 | ഇല്ല |

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 തൊഴിൽനികുതി പിരിവിലെ അപാകതകൾ

1994-ലെ കേരള പഞ്ചായത്ത് രാജ് വകുപ്പ് 204(1), 204 ii (a)(1) എന്നിവ പ്രകാരം ഒരു വ്യക്തി ഓരോ അർദ്ധ വർഷവും തുടർച്ചയായോ പലപ്പോഴായോ അറുപത് ദിവസം ജോലി/തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ നികുതിക്ക് വിധേയനാകും. 204 ii (b) പ്രകാരം പഞ്ചായത്ത് പ്രദേശത്ത് താമസിച്ച് കൊണ്ട് പഞ്ചായത്ത് പ്രദേശത്തോ അതിനു വെളിയിലോ ഒരു തൊഴിലിലോ ജോലിയിലോ ഏർപ്പെട്ടിരിക്കുന്നതോ അല്ലെങ്കിൽ ബിസനസ്സ് നടത്തുകയോ ആയതിൽ നിന്ന് എന്തെങ്കിലും ആദായം ലഭിച്ചുകൊണ്ടിരിക്കുയും ചെയ്യുന്ന ഏതൊരാളും തൊഴിൽനികുതി നൽകുവാൻ ബാധ്യസ്ഥനാണ്. എന്നാൽ,

I) പഞ്ചായത്തിന്റെ വിവിധ കരാർ പ്രവൃത്തികൾ ചെയ്തുവരുന്ന അംഗീകൃതകരാറുകാരിൽ നിന്നും കാർമ്മൽമാതാ ഇംഗ്ലീഷ് മീഡിയം സ്കൂളിലെ ജീവനക്കാരിൽ നിന്നും രണ്ട് അർദ്ധവർഷങ്ങളിലെയും തൊഴിൽനികുതി ഈടാക്കിയിട്ടില്ല

II) സ്ഥാപന നികുതി ഈടാക്കിയിട്ടില്ല

| സ്ഥാപനം | അർദ്ധ വർഷം |
|---|---|
| റോയൽ കളക്ഷൻസ് | I & II |
| വേങ്ങശ്ശേരി ക്ഷീരോത്പാദക സഹകരണ സംഘം | I & II |
| കടമ്പൂർ ക്ഷീരോത്പാദക സഹകരണ സംഘം | I & II |
| അമ്പലപ്പാറ ക്ഷീരോത്പാദക സഹകരണ സംഘം | I & II |
| മുട്ടിപ്പള്ളം ക്ഷീരോത്പാദക സഹകരണ സംഘം | I & II |
| എന്റെ കട | I & II |
| ശ്രീഹരി ടെക്നോ വേൾഡ് | I & II |

ഇത് സംബന്ധിച്ച് ഓഡിറ്റ് അന്വേഷണം നൽകിയതിന് (നം. 26/18.07.17) സ്ഥാപനങ്ങൾക്കും ജീവനക്കാർക്കും നോട്ടീസ് നൽകി തുക ഈടാക്കി ഓഡിറ്റിനെ അറിയിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരിൽ നിന്നും വരുമാനപത്രിക ലഭ്യമാക്കി ആയതിന് അനുസൃതമായി തൊഴിൽനികുതി ഈടാക്കി രേഖകൾ ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നൽകിയതിനെ തുടർന്ന് പ്രകാരം താഴെപ്പറയുന്ന സ്ഥാപനങ്ങളും അസിസ്റ്റന്റ് എഞ്ചിനീയറുടെ ഓഫീസിലെ ഓവർസിയറും 2016-17-ലെ തൊഴിൽനികുതി പലിശസഹിതം അടച്ചു.

| സ്ഥാപനം | അർദ്ധ വർഷം | അടച്ച തുക (പലിശയടക്കം) |
|---|---|---|
| ശാസ്ത്താ വുഡ് ഫർണിച്ചർ | I & II | 1605 |
| ചാവക്കാട് സ്റ്റോർ | I & II | 1605 |
| ശ്രീ.സന്ദീപ് എസ്, ഓവർസിയർ (ദിവസവേതനം) | I & II | 470 |

## 2-2 വസ്തുനികുതി നിർണ്ണയത്തിലെ അപാകതകൾ

I)ഓഡിറ്റോറിയങ്ങളുടെ വസ്തുനികുതി - പുനർനിർണ്ണയം നടത്തേണ്ടതാണ്.

25.07.2017-ാം തീയതി സീനിയർ ക്ലർക്ക് ശ്രീ.പരമേശ്വരൻ, ഓവർസിയർ ശ്രീ.ഷൈനീഷ് കെ.ബി എന്നിവരുടെ സാന്നിധ്യത്തിൽ ഓഡിറ്റ് ടീം പഞ്ചായത്തിലെ 4 ഓഡിറ്റോറിയങ്ങൾ നേരിൽ പരിശോധിച്ചതിലെ കണ്ടെത്തലുകൾ താഴെ ചേർക്കുന്നു.

| കെട്ടിട നം., ഓഡിറ്റോറിയം | സഞ്ചയയിലെ ഫോം 6 പ്രകാരം കെട്ടിടത്തിന്റെ വിസ്തീർണ്ണം (ച.മീ) | നിരീക്ഷണം |
|---|---|---|
| 2/636, മംഗല്യ ഓഡിറ്റോറിയം | താഴത്തെനില- 389 ച.മീ | താഴത്തെ അത്രയും തന്നെ വിസ്തീർണ്ണമുള്ള ഒന്നാം നിലയും അതിനുമുകളിലുള്ള ബാൽക്കണിയും അടങ്ങുന്ന മൂന്ന നിലകളിലായി പ്രവർത്തിക്കുന്ന |
| 3/456, സംസം ഓഡിറ്റോറിയം | താഴത്തെനില – 500 ച.മീ | ഏകദേശം 500ച.മീ വിസ്തീർണ്ണമുള്ള ഒരു നിലയും അതിനുമുകളിൽ ഏകദേശം 100ച.മീ വിസ്തീർണ്ണത്തിലുള്ള ബാൽക്കണിയിലുമായി പ്രവർത്തിക്കുന്നു. ഡൈനിംഗ് ഹാളിനായി ഏകദേശം 200ച.മീ -ലുള്ള കെട്ടിടം പ്രത്യേകം സ്ഥിതിചെയ്യുന്നു |
| 14/289, രാജധാനി ഓഡിറ്റോറിയം | താഴത്തെനില – 400 ച.മീ | ഏകദേശം 150ച.മീ വിസ്തീർണ്ണമുള്ള ഡൈനിംഗ് ഹാൾ, 400ച.മീ വിസ്തീർണ്ണത്തിലുള്ള താഴത്തെ നിലയോട് അനുബന്ധമായി സ്ഥിതിചെയ്യുന്നു. |
| 19/327കെ എം. വി പാലസ് | താഴത്തെനില -248.6ച.മീ. | ഏകദേശം 300ച.മീ പ്രകാരം രണ്ടുനിലകളിലായി പ്രവർത്തിക്കുന്നു. |

സഞ്ചയസോഫ്റ്റ് വെയറിൽ നിന്നും ലഭ്യമായ ഫോം 6 പരിശോധിച്ചതിൽ നാലു ഓഡിറ്റോറിയങ്ങളുടെയും താഴത്തെ നിലകൾ മാത്രമാണ് നികുതി നിർണ്ണയത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. മേൽപ്പറഞ്ഞ കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയരേഖകൾ പരിശോധനയ്ക്ക് ലഭ്യമാകാത്തതിനാൽ സ്ഥാപനങ്ങൾ നേരിൽ പരിശോധിച്ചതിൽ കാണാൻ കഴിഞ്ഞ മുഴുവൻ കെട്ടിടങ്ങളും കെട്ടിടനിർമ്മാണ അനുമതിയിലും വസ്തുനികുതി നിർണ്ണയത്തിലും ഉൾപ്പെട്ടിട്ടുണ്ടോ എന്ന് ഉറപ്പുവരുത്തുവാൻ കഴിഞ്ഞിട്ടില്ല.

സ്ഥാപനങ്ങളുടെ മുഴവൻ കെട്ടിടങ്ങളും നികുതി നിർണ്ണയത്തിൽ ഉൾപ്പെടുത്താത്തത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (18/25.07.17) നൽകിയതിന് വസ്തുനികുതി രജിസ്റ്ററിൽ കെട്ടിടങ്ങളുടെ വിസ്തീർണ്ണം രേഖപ്പെടുത്താത്തതിനാലും കെട്ടിടനമ്പർ അനുവദിച്ച ഫയലുകൾ ലഭ്യമല്ലാത്തതിനാലും നാല് ഓഡിറ്റോറിയങ്ങളും നേരിൽ പരിശോധിച്ച് നികുതി പുനർനിർണ്ണയിച്ച് സഞ്ചയ സോഫ്റ്റ് വെയറിൽ മാറ്റം രേഖപ്പെടുത്തി നികുതി ഈടാക്കുന്നതിനുള്ള സത്വര നടപടി സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മുഴവൻ കെട്ടിടങ്ങളുടെയും വിസ്തീർണ്ണം അളന്ന് തിട്ടപ്പെടുത്തി, നികുതി നിർണ്ണയത്തിൽ ഉൾപ്പെടുത്തേണ്ടതും വസ്തുനികുതിയിനത്തിൽ ലഭ്യമാകുവാനുള്ള തുക കുടിശ്ശിക സഹിതം ഉടമസ്ഥരിൽ നിന്നും ഈടാക്കുവാനുള്ള നടപടികൾ അടിയന്തിരമായി കൈക്കോള്ളേണ്ടതുമാണ്.

II)സഞ്ചയ സോഫ്റ്റ് വെയർ പരിശോധിച്ചതിൽ താഴെപ്പറയുന്ന കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയിച്ചതിൽ കെട്ടിടത്തിന്റെ തരം തെറ്റായാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

| കെട്ടിട നം | ഉപയോഗം | വിസ്തീർണ്ണം | നികുതി നിർണ്ണയത്തിൽ കെട്ടിടത്തിന്റെ തരം |
|---|---|---|---|
| 20/542 | മിനറൽ വാട്ടർ &സോഡ വിൽപ്പന | 126ച.മീ | പാർപ്പിടം |
| 12/758 | കെ എം പി ഇൻഡസ്ട്രീസ് | | പാർപ്പിടം |
| 8/895 | ഫ്രണ്ട്സ് ഫർണിച്ചർ | 12 ച.മീ | പാർപ്പിടം |
| 18/485 | രാമവുഡ് ഇൻഡസ്ട്രീസ് | 45ച.മീ | പാർപ്പിടം |

നികുതി നിർണ്ണയത്തിൽ പാർപ്പിട ആവശ്യത്തിന് എന്ന് രേഖപ്പെടുത്തിയ മേൽപ്പറഞ്ഞ കെട്ടിടങ്ങൾ വാണിജ്യ ആവശ്യത്തിനാണ് ഉപയോഗിച്ചു വരുന്നത്. കെട്ടിടങ്ങളുടെ തരം മാറ്റം വരുത്തി നികുതി നിർണ്ണയിക്കേണ്ടതും ഈയിനത്തിൽ പഞ്ചായത്തിനുണ്ടായ നഷ്ടം കെട്ടിട ഉടമകളിൽ നിന്നും ഈടാക്കേണ്ടതുമാണ്. മേൽ വിഷയത്തിൽ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (10/24.07.17-ന്) കെട്ടിടങ്ങളുടെ ഉപയോഗ ക്രമം മാറ്റി നികുതി പുനർ നിർണ്ണയം നടത്തി തുക ഈടാക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്.

## 2-3 മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക

## ഈടാക്കേണ്ടതാണ്

ഗ്രാമപഞ്ചായത്ത് രേഖാമൂലം സമർപ്പിച്ച കണക്കനുസരിച്ച് 12 മൊബൈൽ ടവറുകളാണ് ഗ്രാമപഞ്ചായത്ത് പരിധിയിലുള്ളത്. ഇതിൽ ഏഴ് മൊബൈൽ ടവറുകളുടെ വസ്തുനികുതി 2013-14 മുതൽ കുടിശ്ശികയാണ്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിട നം. | ടവർ നടത്തുന്ന ഏജൻസി | ഈടാക്കേണ്ട വാർഷിക കെട്ടിടനികുതി |
|---|---|---|---|
| 1 | 2/238B | റിലയൻസ് കമ്മ്യൂണിക്കേഷൻസ് | 17325 |
| 2 | 4/506 A | ബി എസ് എൻ എൽ | 17325 |
| 3 | 4/757 | വോഡഫോൺ എസ്സാർ സെല്ലുലാർ | 17325 |
| 4 | 5/651 | വയർലെസ്സ് ടി ടി ഇൻഫോ സർവീസ് | 17325 |
| 5 | 7/767 | വോഡഫോൺ എസ്സാർ ലിമിറ്റഡ് | 17325 |
| 6 | 14/205A | ഭാരതി എയർടെൽ | 15750 |
| 7 | 14/528 | വോഡഫോൺ എസ്സാർ | 17325 |

ടവറുകളുടെ വസ്തുനികുതി ഈടാക്കുന്നതിനായി നിയമപരമായ നടപടികൾ ആരംഭിച്ചിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. പഞ്ചായത്തിന്റെ തനതുവരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള ഒരു സ്രോതസ്സായ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക ഈടാക്കുന്നതിനും വരുമാന നഷ്ടം തടയുന്നതിനുമായി അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 2-4 ഡി & ഒ ലൈസൻസ് അപേക്ഷകൾ-അപാകതകൾ

ഡി&ഒ ലൈസൻസിനായി പഞ്ചായത്തിൽ ലഭിച്ച പല അപേക്ഷകളിലും പൂർണ്ണമായ വിവരങ്ങൾ രേഖപ്പെടുത്തുകയോ ലൈസൻസ് ലഭിക്കുന്നതിന് നിർബന്ധമായും അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട സാക്ഷ്യപത്രങ്ങൾ സമർപ്പിക്കുകയോ ചെയ്യാതെ തന്നെ ലൈസൻസ് അനുവദിച്ചിട്ടുണ്ട്. ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | സ്ഥാപനം | സമർപ്പിക്കേണ്ട സാക്ഷ്യപത്രം |
|---|---|---|
| 1 | എ കെ ബി ഹോളോബ്രിക്സ് | മലിനീകരണ നിയന്ത്രണ ബോർഡിൽനിന്നുള്ള |

| | | |
|---|---|---|
| | | അനുമതി പത്രം |
| 2 | മോഡേൺ ഹോളോബ്രിക്സ് | ” |
| 3 | കൈരളി ഹോളോബ്രിക്സ് | ” |

ലൈസൻസ് ഫീസ് നിശ്ചയിക്കുന്നതിന് അടിസ്ഥാനമായ വിറ്റുവരവ് പല അപേക്ഷകളിലും രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ ഈടാക്കിയ ലൈസൻസ് ഫീസിന്റെ കൃത്യത പരിശോധിക്കുവാൻ കഴിഞ്ഞിട്ടില്ല. ലൈസൻസ് അനുവദിക്കുന്നതിന് മുമ്പ് അപേക്ഷയിൽ ആവശ്യപ്പെട്ട വിവരങ്ങൾ പൂർണ്ണമായി രേഖപ്പെടുത്തിയിട്ടുണ്ടെന്നും ഹാജരാക്കേണ്ട സാക്ഷ്യപത്രങ്ങൾ ലഭ്യമാക്കിയിട്ടുണ്ടെന്നും ഉറപ്പുവരുത്തിയതിനുശേഷം മാത്രം ലൈസൻസ് അനുവദിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 തെരുവു വിളക്ക് റിപ്പയർ എ.എം.സി- കെ.എസ്.ഇ.ബി നിരക്കിനേക്കാൾ അധികരിച്ചു നൽകി

തെരുവു വിളക്കുകളുടെ പരിപാലനം(റിപ്പയറും മെയിന്റനൻസും) ടെണ്ടറിങ്ങിലൂടെ നടപ്പിലാക്കുന്നതിന് സർക്കുലർ നം 3055/ഡി എ3/2011/ത സ്വ ഭ വ തീ 15.09.11 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത സർക്കുലറിൽ പ്രവൃത്തിയുടെ നിരക്ക് കെ.എസ്.ഇ.ബിയുടെ നിരക്കിനേക്കാൾ അധികരിക്കരുതെന്ന് വ്യക്തമാക്കിയിട്ടുണ്ട്. പ്രസ്തുത നിർദ്ദേശത്തിന് വിരുദ്ധമായി കെ.എസ്.ഇ.ബിയുടെ നിരക്കിനേക്കാൾ അധികരിച്ച് തെരുവു വിളക്കുകളുടെ റിപ്പയർ പ്രവൃത്തി ടെണ്ടർ മുഖാന്തിരം നിർവ്വഹിച്ചതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. വിശദ വിവരങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| | പ്രോജക്ട് നം 69/16-17 |
| പ്രവൃത്തി | തെരുവു വിളക്ക് റിപ്പയർ-എ.എം.സി |
| അടങ്കൽ | 1000000 തനതുഫണ്ട് |
| നിർവ്വഹണം | സെക്രട്ടറി |
| കരാറുകാരൻ | സുരേഷ് ബാബു കെ.കെ അദ്വൈത് അസോസിയേറ്റ്സ്, പുഞ്ചപ്പാടം |
| ചെലവ് | 233797 |

| | |
|---|---|
| ബിൽ നം | ചെക്ക് നം. 1034966/25.02.17 |
| വൗച്ചർ നം | 21601155/06.03.17 |
| കരാർ തീയ്യതി | 03.10.2016 |

കെ എസ് ഇ ബി യുടെ 25.08.2016 ലെ BO(FTD) No 2495/2016 D(D&S)/D6-AE1/Proposal02/2015 നം ഉത്തരവിൽ 2016-17 വർഷത്തിലെ പ്രവൃത്തികളുടെ ലേബർ നിരക്ക് നിശ്ചയിച്ചിട്ടുണ്ട്. മേൽ പ്രവൃത്തി എ3-1267/2016 തീ 09.09.16 പ്രകാരം ടെണ്ടർ ചെയ്യുകയും (ടെണ്ടറിൽ സർക്കുലർ നം 3055/ഡി എ3/2011/ത സ്വ ഭ വ തീ 15.09.11 ന് വിധേയമായി എന്ന് വ്യക്തമാക്കിയിട്ടുണ്ട്.) ഏറ്റവും കുറവ് നിരക്ക് രേഖപ്പെടുത്തിയ സുരേഷ് ബാബു കെ.കെ അദ്വൈത് അസോസിയേറ്റ്സ് പുഞ്ചപ്പാടം എന്നയാളുടെ ടെണ്ടർ 30.09.16 ലെ ii-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്. തെരുവു വിളക്കുകൾ റിപ്പയർ ചെയ്തതിന്റെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം | ഇനം | എണ്ണം | ടെണ്ടർ പ്രകാരമുള്ള നിരക്ക് | തുക |
|---|---|---|---|---|
| 1 | 80 വാട്ട്സ് ഡബിൾ ട്യൂബ് | 14 | 725 | 10150 |
| 2 | 20 വാട്ട്സ് സി എഫ് എൽ | 845 | 820 | 692900 |
| 3 | 22 വാട്ട്സ് സി എഫ്എൽ | 210 | 850 | 178500 |
| 4 | 250 വാട്ട്സ് സോഡിയം വേപ്പർ ലാമ്പ് | 18 | 2980 | 53640 |
| 5 | ആകെ | 1087 | | 935190 |

മേൽ പ്രകാരമുള്ള തെരുവു വിളക്കുകൾ റിപ്പയർ ചെയ്തതായി കെ എസ് ഇ ബി യും,

വാർഡ് മെമ്പർമാരും, വാർഡ്തല മോണിറ്ററിംഗ് സമിതിയും സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. കരാർ പ്രകാരമുള്ള പ്രവൃത്തിയുടെ ആകെ തുകയുടെ നാലിൽ ഒരുഭാഗം (935190/4=233797) 233797/-രൂപ ടിയാന് നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയിലെ ക്രമ നം (4) 250 വാട്ട്സ് സോഡിയം വേപ്പർ ലാമ്പ് റിപ്പയർ ചെയ്യതിന് നൽകിയ നിരക്ക് കെ എസ് ഇ ബിയുടെ നിരക്കിൽ അധികരിച്ചു കാണുന്നു. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു

| ക്രമ നം | ഇനം | എണ്ണം | ടെണ്ടർ പ്രകാരമുള്ള നിരക്ക് | കെഎസ്ഇബി നിരക്ക് | അനുവദി ക്കാവുന്നത് | വ്യത്യാസം |
|---|---|---|---|---|---|---|
| 1 | 250 വാട്ട്സ് സോഡിയം വേപ്പർ ലാമ്പ് | 18 | 2980 | 1390 (ക്രമ നം 618) | 1390*18=25020 | 1590*18=28620 |

കെ.എസ്.ഇ.ബിയുടെ നിരക്കിനേക്കാൾ അധികരിച്ച് തെരുവു വിളക്കുകളുടെ റിപ്പയർ പ്രവൃത്തിയ്ക്ക് തുക നൽകിയതിന് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറി നം 11/24.07.2017 യ്ക്ക് ആയത് പ്രസ്തുത കാലയളവിലെ നിർവ്വഹണ ഉദ്യോഗസ്ഥന് കൈമാറിയിട്ടുണ്ടെന്നും ടിയാന്റെ മറുപടി ലഭ്യമാകുന്ന മുറയ്ക്ക് ഓഡിറ്റിന് ഹാജരാക്കുന്നതാണെന്നുള്ള മറുപടിയാണ് ലഭ്യമാക്കിയത്. ആയതിനാൽ അധികം നൽകിയ 7155 രൂപ (28620/4) (നാലിലൊരു ഭാഗം) ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടയ്ക്കേണ്ടതാണ്. കൂടാതെ കരാറുകാരന് ബാക്കി തുക നൽകുമ്പോൾ ഉത്തരവിലെ വ്യവസ്ഥകൾ പാലിക്കാത്ത പക്ഷം ഉണ്ടാകുന്ന നഷ്ടത്തിന് നിർവ്വഹണോദ്യോഗസ്ഥൻ ഉത്തരവാദിയായിരിക്കുന്നതാണ്.

## 3-2 തൊഴിൽ രഹിത വേതനം -അർഹതയില്ലാത്തവർക്ക് നൽകിയത് തിരികെ ഈടാക്കേണ്ടതാണ്.

ബിൽ നം. 30/16-17 തി.22.03.17 രൂപ 126840

നിർവ്വഹണം സെക്രട്ടറി

താഴെപറയുന്ന ഗുണഭോക്താക്കൾ ഗ്രാമപഞ്ചായത്തിൽ എം.എൻ.ആർ.ഇ.ജി.എസ് പദ്ധതി പ്രകാരം പേര് രജിസ്റ്റർ ചെയ്യുകയും 2016-17 വർഷങ്ങളിൽ തൊഴിലുറപ്പ് പണിയിൽ പങ്കെടുക്കുകയും വേതനം കൈപ്പറ്റുകയും ചെയ്തിട്ടുണ്ട്. പ്രതിമാസം 100 രൂപ വരെ വരുമാനം മാത്രമുള്ള ഗുണഭോക്താക്കൾക്കാണ് തൊഴിൽരഹിതവേതനത്തിന് അർഹതയുള്ളത്. ജി.ഒ(പി) നം 169/2009 തൊഴിൽ തീ 13.12.2009 പ്രകാരം ദേശീയ

ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ പ്രവൃത്തി ചെയ്ത് വേതനം കൈപ്പറ്റുന്നവരെ തൊഴിൽ രഹിത വേതനത്തിനുള്ള അർഹതാ പട്ടികയിൽ നിന്നും ഒഴിവാക്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട് ഇതിനു വിരുദ്ധമായി താഴെപ്പറയുന്നവർ തൊഴിലുറപ്പ് പണിയിൽ പങ്കെടുത്ത് വേതനം കൈപ്പറ്റിയതിന് പുറമെ തൊഴിൽരഹിത വേതനവും കൈപ്പറ്റിയിട്ടുണ്ട്.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | റോൾ നമ്പർ | തൊഴിൽ കാർഡ് നമ്പർ | NREGS പ്രവൃത്തി നിർവ്വഹിച്ചത് (ദിവസങ്ങൾ) 2016-17 | കൈപ്പറ്റിയ തൊഴിൽരഹിത വേതനം 2016-17 |
|---|---|---|---|---|---|
| 1 | സജിത.ടി ആലംപറമ്പിൽ കടമ്പൂർ | 70168 | 1/36 | 41 | 840 |
| 2 | ജ്യോതി എം മാരാത്ത് കടമ്പൂർ | 70247 | 05/200 | 6 | 840 |
| ആകെ | | | | | 1680/- |

ഈ ഇനത്തിൽ നൽകിയ 1680/-രൂപ ബന്ധപ്പെട്ട ഗുണഭോക്താക്കളിൽ നിന്നും ഈടാക്കാത്ത പക്ഷം ആയത് ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ ബാധ്യത ആയിരിക്കുന്നതാണ്. മേൽ ഉത്തരവിന് വിരുദ്ധമായി തൊഴിൽരഹിത വേതനം നൽകിയതിന് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറി നം 19/25.07.17 യ്ക്ക് തുക തിരിച്ചു പിടിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്.

## 3-3 സർക്കാർ ഉത്തരവിനു വിരുദ്ധമായി പട്ടികജാതി വിദ്യാർത്ഥിനിക്കു ലാപ്പ്ടോപ്പ് നൽകിയത് ക്രമപ്രകാരമല്ല. 29790 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

പ്രോജക്ടിന്റെ പേര് : പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ്

പ്രോജക്ട് നം : 82/17

അടങ്കൽ : 870000

ചെലവ് : 863910

ബിൽ നം 06 /16-17 തിയതി 29.03.17

സർക്കാർ ഉത്തരവ് (സാധാ) നം. 787/2015/LSGD dt.18-3-2015, സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റിയുടെ 1-2-2017 ലെ യോഗ നടപടിക്രമം (നം.9/2016/SRG) എന്നിവ പ്രകാരം പ്രോഫഷനൽ, പോസ്റ്റ് ഗ്രാജ്വേറ്റ്, കമ്പ്യൂട്ടർ അധിഷ്ഠിത കോഴ്സുകളിലും, പോളിടെക്നിക്കുകളിലും പഠിക്കുന്ന പട്ടികജാതി - പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വാങ്ങി നൽകാവുന്നതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്.

ആയതനുസരിച്ച് (8,63,910 രൂപ ചെലവഴിച്ച്) 29 എസ്സ്.സി വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ് ലഭ്യമാക്കിയതിൽ, റോഷ്ന. ഒ.കെ. D/O സുരേഷ്, ചുനങ്ങാട് എന്ന വിദ്യാർത്ഥിനി 2016-17 സാമ്പത്തിക വർഷത്തിലെ പഠിക്കുന്ന കോളേജിന്റെ സാക്ഷ്യപത്രം അപേക്ഷയോടോപ്പം ഹാജരാക്കിയിട്ടില്ല. ലഭ്യമാക്കിയ രേഖകൾ പരിശോധിച്ചതിൽ ടി വർഷത്തിൽ യാതൊരു കോഴ്സുകളും ചെയ്തതായി കണ്ടില്ല.
സർക്കാർ ഉത്തരവിനു വിരുദ്ധമായി വിദ്യാർത്ഥിനിക്ക് ലാപ്ടോപ്പ് നൽകിയതിനു വിശദീകരണം ആവശ്യപ്പെട്ട് നൽകിയ 14/25.7.2017 ഓഡിറ്റ് അന്വേഷണത്തിന് ലഭിച്ച മറുപടി തൃപ്തികരമല്ലാത്തതിനാൽ പ്രസ്തുത ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. അനർഹമായ ഗുണഭോക്താവിൽ നിന്നും പ്രസ്തുത ലാപ്പ്ടോപ്പ് തിരികെ ഈടാക്കി അർഹതയുള്ള ഗുണഭോക്താലിനു കൈമാറി രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. അതുവരെ ലാപ് ടോപ്പിന്റെ വിലയായ 29790 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

# 3-4 ഓഡിറ്റ് ഇംപാക്റ്റ്

1. കുഴൽകിണർ കുഴിക്കുന്നതിന് അധിക നിരക്ക് അനുവദിച്ചത് തിരികെ ഈടാക്കി

പഞ്ചായത്ത് തൻവർഷം നടപ്പിലാക്കിയ വിവിധ കുടിവെള്ളപദ്ധതികളിൽ 150 mm വ്യാസമുള്ള കുഴൽകിണർ കുഴിക്കുന്നതിന് അനുവദനീയമായതിനേക്കാൾ കൂടുതൽ തുക അനുവദിച്ചിട്ടുണ്ട്. വിശദവിവരം താഴെ കൊടുക്കുന്നു.

എ).പദ്ധതിയുടെ പേര് : വാരിയത്തുകുന്ന് പാലക്കോട്ട് കോളനി കുടിവെള്ള പദ്ധതി

പ്രൊജക്റ്റ് നം. : 161/15, 36/17 (SCP)

അടങ്കൽ : 495000

ചെലവ് : 407872

എഗ്രിമെന്റ് നം : 143/AE/27.12.2015

ബിൽ നം : 23/16-17/25.1.2017

എം.ബുക്ക് നം :128

കരാറുകാരൻ :മോഹനൻ.പി

മേൽ എം.ബുക്ക് ഇനം 2 പ്രകാരം 130 മീറ്റർ ആഴത്തിൽ 150 mm വ്യാസമുള്ള കുഴൽകിണർ കുഴിച്ചിട്ടുണ്ട്. ആയതിന് അനുവദനീയമായ നിരക്ക് 600 രൂപ/മീറ്റർ നിരക്കിൽ 78000 രൂപ ആണെന്നിരിക്കെ 690 രൂപ/ മീറ്റർ പ്രകാരം 130 മീറ്ററിന് 89700 രൂപ കരാറുകാരന് നൽകിയിട്ടുണ്ട്.ഇതു പ്രകാരം 11700 രൂപ കരാറുകാരന് അധികമായി നൽകിയിട്ടുണ്ട്.

ബി.പദ്ധതിയുടെ പേര് : ചിറയ്ക്കൽപടി കുടിവെള്ള പദ്ധതി

പ്രൊജക്റ്റ് നം. : 131/16, 30/17

അടങ്കൽ : 200000

ചെലവ് : 187875

ബിൽ നം : 7/17 തീ. 31.12.2016

എഗ്രിമെന്റ് നം : 66/15-16/AE/12.8.2015

എം.ബുക്ക് നം :157/15

കരാറുകാരൻ : ഹരിദാസ്. കെ

മേൽ എം.ബുക്ക് ഇനം 2 പ്രകാരം 120 മീറ്റർ ആഴത്തിൽ 150 mm വ്യാസമുള്ള കുഴൽകിണർ കുഴിച്ചിട്ടുണ്ട്. ആയതിന് അനുവദനീയമായ നിരക്ക് 600 രൂപ/മീറ്റർ നിരക്കിൽ 72000 രൂപ ആണെന്നിരിക്കെ 690 രൂപ/ മീറ്റർ പ്രകാരം 120 മീറ്ററിന് 82800 രൂപ കരാറുകാരന് നൽകിയിട്ടുണ്ട്. ഇതു പ്രകാരം 10800 രൂപ കരാറുകാരന് അധികമായി നൽകിയിട്ടുണ്ട്. ഇപ്രകാരം അധികം തുക നൽകിയതിനെ സംബന്ധിച്ച് 22.7.2017 ലെ 4/16-17 പ്രകാരം ഓഡിറ്റ് അന്വേഷണം നൽകുകയും അതിനെ തുടർന്ന് 11700രൂപ 25.7.2017 ലെ 117080104375 രശീതി പ്രകാരവും 10800 രൂപ 25.7.2017 ലെ 117080104374 രശീതി പ്രകാരവും പഞ്ചായത്ത് ഫണ്ടിൽ ഒടുക്കിയതിന്റെ രേഖ ഓഡിറ്റിന് ഹാജരാക്കി. ഈ തുകകൾ സഞ്ചിത നിധിയിൽ ഒടുക്കുന്നതിന് സെക്രട്ടറി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

2) പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചതിന് പിഴ ഈടാക്കിയതിലെ കുറവ് പരിഹരിച്ചു

തെക്കേപുരയ്ക്കൽ കുടിവെള്ള പദ്ധതിയുടെ പൂർത്തീകരണകാലാവധി ന്യായമായ കാരണങ്ങളാൽ 31.3.2016 വരെ ദീർഘിപ്പിച്ചു നൽകിയെങ്കിലും 21.4.2016 നാണ് പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ളത്. ആയതിനാൽ പി.എ.സി യുടെ 1% തുക മിനിമം 1000 രൂപ പിഴ ഈടാക്കണമെന്നിരിക്കെ 791 രൂപ മാത്രമാണ് ഈടാക്കിയിട്ടുള്ളത്. അവശേഷിക്കുന്ന

തുക 209 രൂപ ഈടാക്കുന്നതിന് 2/16-17തീയതി 22.7.2017പ്രകാരം ഓഡിറ്റ് അന്വേഷണം നൽകിയതിനെ തുടർന്ന് 209 രൂപ 25.7.2017 ലെ 117080104368 രശീതി പ്രകാരം പഞ്ചായത്ത് ഫണ്ടിൽ ഒടുക്കിയതിന്റെ രേഖ ഓഡിറ്റിന് ഹാജരാക്കി.വിശദവിവരം താഴെ കൊടുക്കുന്നു.

പ്രൊജക്ട് നം. : 150/15

അടങ്കൽ : 100000

പി.എ.സി :99947

ചെലവ് : 78277

ബിൽ നം : 24/16-17/25.1.2017

കരാറുകാരൻ : ഹരിനാരായണൻ

ഈടാക്കേണ്ട പിഴ : 1000 രൂപ

ഈടാക്കിയ പിഴ :1000 രൂ പ (791+ 209)

## 3-5 റോഡ് നിർമ്മാണ പ്രവൃത്തികളിൽ പ്രദർശന ബോർഡിന് സ്പെസിഫിക്കേഷൻ ഇല്ല്ലാതെ തുക അനുവദിച്ചു

ഗ്രാമപഞ്ചായത്ത് തൻവർഷം നടപ്പിലാക്കിയ റോഡ് നിർമ്മാണപ്രവൃത്തികളിൽ അടങ്കൽ, റോഡിന്റെ നീളം എന്നിവ രേഖപ്പെടുത്തുന്നതിനുള്ള പ്രദർശന ബോർഡിനുവേണ്ടി 2000 രൂപ വീതം അനുവദിച്ചിട്ടുണ്ട്. സ്ഥാപിച്ച ബോർഡിന്റെ നീളം, വീതി, കനം, പോസ്റ്റിന്റെ നീളം എന്നിവ ബില്ലിൽ രേഖപ്പെടുത്തിയിട്ടില്ല. പ്രദർശന ബോർഡിനാവശ്യമായ സ്പെസിഫിക്കേഷൻ രേഖപ്പെടുത്തിക്കൊണ്ടുള്ള ക്വട്ടേഷൻ ക്ഷണിക്കാതെ എല്ലാ ബോർഡിനും 2000 രൂപ വീതം അനുവദിച്ചത് ക്രമപ്രകാരമല്ല. ഇതു സംബന്ധിച്ച് 22.7.2017 ലെ 5/16-17 പ്രകാരം ഓഡിറ്റ് അന്വേഷണം നൽകിയതിന് മേലിൽ ഇത്തരം കാര്യങ്ങൾ ശ്രദ്ധിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. പ്രദർശന ബോർഡിന്റെ വ്യക്തമായ സ്പെസിഫിക്കേഷൻ രേഖപ്പെടുത്തിക്കൊണ്ട് ക്വട്ടേഷൻ ക്ഷണിക്കേണ്ടതും ലഭിച്ച ക്വട്ടേഷനിലെ കുറഞ്ഞ നിരക്കിന്റെ അടിസ്ഥാനത്തിൽ മാത്രം തുകകൾ അനുവദിക്കുന്നതിനും ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 3-6 സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായി പ്രോജക്ട് നടപ്പിലാക്കിയത്

സർക്കാർ ഉത്തരവ് (ആർ.ടി) നം 1288/2015/LSGD dt.30.04.15,GO(p) 524/2015/fin dt.17.11.15 എന്നിവ പ്രകാരം എസ്റ്റിമേറ്റ് തുക 5 ലക്ഷവും അതിന് മുകളിലുള്ള എല്ലാ പ്രവൃത്തികളും ഇ-ടെണ്ടർ മുഖാന്തിരം മാത്രമേ നിർവ്വഹിക്കാവൂ എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ആയതിന് വിരുദ്ധമായി താഴെ പറയുന്ന പ്രോജക്ടുകൾ നടപ്പിലാക്കിയത് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

| | പ്രോജക്ട് നം 78/16-17 | പ്രോജക്ട് നം 69/16-17 |
|---|---|---|
| പ്രവൃത്തി | പഴയ ബൾബുകൾ മാറ്റി എൽ.ഇ.ഡി ലൈറ്റുകൾ സ്ഥാപിക്കൽ | തെരുവു വിളക്ക് റിപ്പയർ-എ.എം.സി |
| അടങ്കൽ | 10,00,000 ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 10,00,000 തനതുഫണ്ട് |
| നിർവ്വഹണം | സെക്രട്ടറി | സെക്രട്ടറി |
| കരാറുകാരൻ | സുരേഷ് ബാബു കെ.കെ അദ്വൈത് അസോസിയേറ്റ്സ്, പുഞ്ചപ്പാടം | സുരേഷ് ബാബു കെ.കെ അദ്വൈത് അസോസിയേറ്റ്സ്, പുഞ്ചപ്പാടം |
| ചെലവ് | 999050 | 233797 |
| ബിൽ നം | 31/16-17 തീ.22.03.17 | ചെക്ക് നം 1034966/ 25.02.17 |
| വൗച്ചർ നം | 21601229/23.03.17 | 21601155/06.03.17 |

ഇ-ടെണ്ടർ അവലംബിക്കാത്തതു മൂലം കൂടുതൽ മത്സരാധിഷ്ഠിതമായ ടെണ്ടറുകൾ ലഭിക്കാതെ വരുകയും ചെയ്തു. ആയതിന് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറി നം 08/24.07.2017 യ്ക്ക് പ്രൊജക്ട് നം 78/16-17 ന് 9 ടെണ്ടറുകൾ ലഭിച്ചുവെന്നും പ്രാദേശിക കരാറുകാരായാൽ മെയിന്റനൻസ് പ്രവൃത്തി സുഗമമായി നടപ്പിലാക്കുന്നതിന് കഴിയുമെന്നതിനാലും ഇ-ടെണ്ടറിങ്ങിന്റെ ലോഗിൻ ഐഡി ലഭിക്കുന്നതിനുണ്ടായ കാലതാമസം മൂലമാണ് ഇ-ടെണ്ടറിങ്ങ് നടപ്പിലാക്കാതിരുന്നതെന്നും ഭാവിയിൽ 500000/- ത്തിന് മുകളിലുള്ള എല്ലാ പ്രവൃത്തികളും ഇ-ടെണ്ടറിലൂടെ നടപ്പിലാക്കുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്.

## 3-7 കുടിവെള്ള പദ്ധതികൾക്ക് മോട്ടോർ സ്ഥാപിക്കുന്നതിന് അനുവദിച്ച നിരക്കിനുള്ള ഡാറ്റ ലഭ്യമാക്കിയിട്ടില്ല

പഞ്ചായത്ത് തൻവർഷം നടപ്പിലാക്കിയ വടക്കേപുരയ്ക്കൽ കുടിവെള്ള പദ്ധതി, (പ്രൊ.നം. 167/17) വാരിയത്തുകുന്ന് പാലക്കോട്ട് കോളനി കുടിവെള്ള പദ്ധതി (പ്രൊജക്റ്റ് നം : 36/17)

ചിറയ്ക്കൽപടി കുടിവെള്ള പദ്ധതി (പ്രൊജക്റ്റ് നം : 30/17) എന്നീ പദ്ധതികൾക്കായി 5 HP മോട്ടോറുകൾ വീതം സ്ഥാപിക്കുന്നതിന് 18135 രൂപ/HP നിരക്ക് അനുവദിച്ചിട്ടുണ്ട്. ഇവ തയ്യാറാക്കുന്നതിന് വാട്ടർ അതോറിറ്റി മാനേജിങ് ഡയറക്ടറുടെ 20.12.2011 ലെ KWA/HO /SP/333/2011/Pumps ഉത്തരവു പ്രകാരമുള്ള നിരക്കാണ് സ്വീകരിച്ചിട്ടുള്ളത്. മേൽ ഉത്തരവ് കേരള വാട്ടർ അതോറിറ്റി നടപ്പിലാക്കുന്ന പ്രവൃത്തിക്കു വേണ്ടി പുറപ്പെടുവിച്ച ഉത്തരവാണ്. ഇത് തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ പ്രവൃത്തികൾക്ക് ബാധകമല്ല. കുഴൽകിണറിലെ ജലലഭ്യതാ ടെസ്റ്റ് ( യീൽഡ് ടെസ്റ്റ്) നടത്തി മോട്ടോർ സ്ഥാപിക്കേണ്ട ആഴം കണക്കിലെടുത്ത് അതിനനുസൃതമായ സ്റ്റേജുള്ള മോട്ടോറാണ് സ്ഥാപിക്കേണ്ടത്. സ്റ്റേജിനനുസരിച്ച് മോട്ടോറിന്റെ വിലയിൽ വ്യക്തമായ വ്യത്യാസം ഉള്ളതിനാൽ ആവശ്യമായ മോട്ടോറിന്റെയും അനുബന്ധ സാമഗ്രികളുടെയും വില പരിഗണിച്ചുകൊണ്ടു മാത്രമേ കരാറുകാർക്ക് തുക അനുവദിക്കാൻ പാടുള്ളു എന്നിരിക്കെ എല്ലാ കുടിവെള്ള പദ്ധതികളിലും സബ്മേഴ്സിബിൾ മോട്ടോറും അനുബന്ധ സാമഗ്രികളും സ്ഥാപിക്കാൻ 18135/HP നിരക്ക് അനുവദിക്കുന്നത് അംഗീകരിക്കാവുന്നതല്ല. 22.7.2017 ലെ 3/16-17 പ്രകാരം ഓഡിറ്റ് അന്വേഷണം നൽകിയതിനെ തുടർന്ന് ലഭ്യമാക്കിയ മറുപടിയിൽ ഇനിയുള്ള കുടിവെള്ള പദ്ധതികളിൽ ഇക്കാര്യം ശ്രദ്ധിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. കുടിവെള്ള പദ്ധതികൾ നടപ്പിലാക്കുമ്പോൾ ഭൂഗർഭ ജല അതോറിറ്റിയിൽ നിന്നും മോട്ടോർ സ്ഥാപിക്കുന്നതിനുള്ള ഡാറ്റ ലഭ്യമാക്കി അതു പ്രകാരം മാത്രം തുക അനുവദിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

# 3-8 അങ്കണവാടികളുടെ ഭൗതിക സാഹചര്യം വർദ്ധിപ്പിക്കുവാൻ കേന്ദ്രഫണ്ടിന്റെ നീക്കിയിരിപ്പ് പ്രയോജനപ്പെടുത്തുന്നില്ല

1. കേന്ദ്രഫണ്ടിന്റെ വിനിയോഗം ഫലപ്രദമല്ല

2016-17 വർഷത്തിൽ പൂരക പോഷകാഹാര പരിപാടിയുടെ കേന്ദ്രവിഹിതമായി ബ്ലോക്ക് പഞ്ചായത്ത് മുഖേന ലഭിച്ച തുകയിൽ 419036 രൂപ നാളിതുവരെ ചെലവഴിക്കാതെ നീക്കിയിരിപ്പായി പഞ്ചായത്തിന്റെ തനത് ഫണ്ടിൽ അവശേഷിക്കുന്നുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

മുന്നിരിപ്പ് - 776753

തൻവർഷത്തെ വരവ് - 778533

ആകെ - 1555286

ചെലവ് - 1136250

ബാക്കി - 419036

സർക്കുലർ നമ്പർ 39033/ഡി.സി.2/2ത.സ്വ.ഭവ തിയതി 3-9-2010 പ്രകാരം

പൂരകപോഷകാഹാര പരിപാടിക്കായി ലഭ്യമാക്കുന്ന കേന്ദ്ര സഹായത്തിൽ ശേഷിക്കുന്ന തുക വിനിയോഗിച്ച് സ്വന്തമായി സ്ഥലമില്ലാത്ത അങ്കണവാടികൾക്ക് സ്ഥലം വാങ്ങി കെട്ടിടം നിർമ്മിക്കുന്നതിനും കെട്ടിടമില്ലാത്ത അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനും, അങ്കണവാടികളിൽ കുടിവെള്ളം, വൈദ്യുതി മുതലായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും കളിക്കോപ്പുകൾ, ഭക്ഷണം പാകം ചെയ്യുന്നതിനുള്ള പാത്രങ്ങൾ, സംഭരണികൾ മുതലായവ വാങ്ങുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുൻഗണന നൽകേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

ഗ്രാപഞ്ചായത്തിൽ 38 അങ്കണവാടികളാണ് ഉള്ളത്. ഇതിൽ 2എണ്ണം വാടക കെട്ടിടത്തിലാണ് നിലവിൽ പ്രവർത്തിക്കുന്നത്. 8 അങ്കണവാടികൾ വൈദ്യുതീകരിച്ചിട്ടില്ല. 7 അങ്കണവാടികളിൽ ചുറ്റുമതിൽ ഇല്ല. കുടിവെള്ള സൗകര്യം 22 അങ്കണവാടികളിൽ മാത്രമാണ് ഉള്ളത്.

മേൽ ആവശ്യങ്ങൾക്ക് തുക വകയിരുത്താതിരുന്നതിന്റെയും, തുക ഐ.സി.ഡി.എസ് സൂപ്പർവൈസർക്ക് പൂരകപോഷകാഹാര പദ്ധതിക്കായി നാളിതുവരെ നൽകാത്തതിന്റെ കാരണം വിശദീകരിക്കുവാൻ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം നമ്പർ 14/25-7-17) ലഭ്യമാക്കിയ മറുപടിയിൽ മാർച്ച് മാസാവസാനം തുക ലഭ്യമായതിനാലാണ് തുക വിനിയോഗിക്കുവാൻ സാധിക്കാതെ വന്നതെന്ന് അറിയിച്ചു.

2. <u>അങ്കണവാടികളുടെ ഫിറ്റ്നസ് ഉറപ്പാക്കുന്നില്ല</u>

സർക്കാർ സർക്കുലർ നമ്പർ 31055/ഡി.സി.2/2011/തസ്വഭവ തിയ്യതി 22.3.2011 ഖണ്ഡിക (സി) 1,2,3 എന്നിവ പ്രകാരം എല്ലാ വർഷവും മെയ് 10 നകം തദ്ദേശസ്വയംഭരണ സ്ഥാപനത്തിൻെറ എഞ്ചിനീയർ/ഓവർസീയർ വാടക കെട്ടിടങ്ങൾ ഉൾപ്പെടെയുള്ള എല്ലാ അങ്കണവാടികളും സന്ദർശിക്കേണ്ടതും പരിശോധിച്ച് ഫിറ്റനസ് സർട്ടിഫിക്കറ്റ് നല്കേണ്ടതുമാണ്. യാതൊരു കാരണവശാലും സുരക്ഷിതത്വമില്ലാത്ത കെട്ടിടങ്ങളിൽ അങ്കണവാടികൾ പ്രവർത്തിക്കുവൻ പാടില്ല. മതിയായ സുരക്ഷിതത്വം ഇല്ലാത്തപക്ഷം നിശ്ചിത സുരക്ഷിതത്വ സംവിധാനങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനം/കെട്ടിട ഉടമ ഏർപ്പെടുത്തേണ്ടതാണ്. ഇപ്രകാരം സുരക്ഷാ നടപടികൾ സ്വീകരിക്കുവാൻ കഴിയുകയില്ലെങ്കിൽ സുരക്ഷിതമായ മറ്റൊരു സ്ഥലത്തേക്ക് അങ്കണവാടികൾ മാറ്റി പ്രവർത്തിപ്പിക്കേണ്ടതാണ്. അങ്കണവാടികളുടെ സുരക്ഷ ഉറപ്പാക്കുന്നതിന് ആവശ്യമായ അറ്റകുറ്റപ്പണികൾ നടത്തുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനത്തിൻെറ അദ്ധ്യക്ഷൻ എല്ലാ വർഷവും മാർച്ച് മാസം അവസാനം ഐ.സി.ഡി.എസ് സൂപ്പർവൈസർ, അങ്കണവാടിപ്രവർത്തകർ, എഞ്ചിനീയർ/ഓവർസീയർ എന്നിവരുടെ ഒരു യോഗം വിളിച്ച് ചേർത്ത് സ്ഥിതി വിലയിരുത്തേണ്ടതും വ്യക്തവും സമയബന്ധിതവുമായ ആക്ഷൻ പ്ലാൻ തയ്യാറാക്കേണ്ടതുമാണ്. മെയ് 30-നകം ഫിറ്റനസ് ഉണ്ടെന്ന് ഉറപ്പാക്കുകയും വേണം.

സർക്കുലറിലെ നിർദ്ദേശങ്ങൾ നാളിതുവരെ പാലിച്ചിട്ടില്ല.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1. അങ്കണവാടികളിൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുവാൻ പദ്ധതികൾ ആവിഷ്കരിക്കുകയും മുൻഗണന നൽകി അവ പ്രാവർത്തികമാക്കുവാൻ ശ്രദ്ധിക്കേണ്ടതുമാണ്.

2. എല്ലാ അങ്കണവാടികളുടേയും സുരക്ഷിതത്വം ഉറപ്പാക്കേണ്ടതാണ്.

# 3-9 വികലാംഗർക്ക് സൈഡ് വീലുള്ള സ്കൂട്ടർ- പ്രൊജക്ട് ലക്ഷ്യം കൈവരിച്ചില്ല

പ്രൊജക്ട് വികലാംഗർക്ക് സൈഡ് വീലുള്ള സ്കൂട്ടർ

പ്രൊജക്ട് നം. 219/17

അടങ്കൽ 615000 രൂ (വികസനഫണ്ട് പൊതുവിഭാഗം)

ചെലവ് 506850രൂ

ബിൽ നമ്പർ 11/30.03.17

നിർവഹണ ഉദ്യോഗസ്ഥൻ മെഡിക്കൽ ഓഫീസർ പി എച്ച് സി

മേൽ പ്രോജക്ടുപ്രകാരമുള്ള ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനായി 17.02.17-ന് അമ്പലപ്പാറ സി എച്ച് സി യിൽ വെച്ച് വൈദ്യപരിശോധന ക്യാമ്പ് നടത്തുകയും ഇതിൽ പങ്കെടുത്തവരെ ഉൾപ്പെടുത്തി ഗുണഭോക്തൃ ലിസ്റ്റ് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. 21.02.17-ലെ 3(3)-നം. പഞ്ചായത്ത് തീരുമാനപ്രകാരമുള്ള ഈ ഗുണഭോക്തൃലിസ്റ്റിലെ എട്ട് പേർക്ക് വാഹനം വാങ്ങി നൽകിയിട്ടുണ്ട്. ടെണ്ടർ മുഖേന ഗായത്രി മോട്ടോർസ്, വിശ്വം ആർക്കേഡ് ചന്ദ്രനഗർ പാലക്കാട് - എന്ന ഏജൻസിയിൽ നിന്നും എട്ട് ഹീറോ പ്ലെഷർ 62505രൂപ നിരക്കിൽ ഇൻഷൂറൻസ് ടെമ്പററി പെർമിറ്റ് അടക്കം ആകെ 500000-ൽ ലിമിറ്റ് ചെയ്താണ് വാഹനങ്ങൾ വാങ്ങിയിരിക്കുന്നത്. എന്നാൽ വാഹനത്തിന്റെ റജിസ്ട്രേഷൻ സംബന്ധിച്ചും ഗുണഭോക്താക്കളുടെ ഡ്രൈവിങ് ലൈസൻസ് സംബന്ധിച്ചും നിർവഹണ ഉദ്യോഗസ്ഥൻ നേരിട്ട് പരിശോധന നടത്തുകയും 15.07.17- ലെ കത്ത് നം. C-611/2016 മുഖേന സെക്രട്ടറിയെ അറിയിച്ചിട്ടുള്ളത് പ്രകാരം എട്ടു വ്യക്തികളും ലൈസൻസ് എടുത്തിട്ടില്ലെന്നും ഇതിലെ രണ്ടുപേർ (രാമചന്ദ്രൻ പൊട്ടച്ചിറ, കല്യാണിക്കുട്ടി, കുനാംകോട്ടിൽ, മഠത്തിൽ) വാഹന രജിസ്ട്രേഷൻ നടത്തിയിട്ടില്ലെന്നും കല്യാണിക്കുട്ടി കുനാംകോട്ടിൽ എന്ന വ്യക്തി അപകടം സംഭവിച്ചതിനാൽ നിലവിൽ

വണ്ടി ഉപയോഗിക്കുന്നില്ല എന്നും വ്യക്തമാണ്. ഇതിൽ നിന്നും ഭിന്നശേഷിയുള്ളവർക്ക് സൈഡ് വീൽ ഘടിപ്പിച്ച സ്കൂട്ടർ നല്കി സഞ്ചാരബുദ്ധിമുട്ടുകൾ ലഘൂകരിക്കുക എന്ന പ്രൊജക്ടിന്റെ ലക്ഷ്യം കൈവരിച്ചിട്ടില്ല എന്ന് വ്യക്തമാകുന്നു. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (നം. 15/25.07.17)-യ്ക്ക് ലഭ്യമാക്കിയ മറുപടിയിൽ വിവരം പഞ്ചായത്തിനെ അറിയിച്ചിട്ടുണ്ടെന്നും നിർദ്ദേശം ലഭിച്ച ഉടൻ തന്നെ തുടർനടപടികൾ സ്വീകരിക്കുന്നതാണെന്നും നിർവഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടുണ്ട്. വാഹനം കൈപ്പറ്റിയ ഗുണഭോക്താക്കൾ മാനദണ്ഡങ്ങൾ പാലിക്കാത്തപക്ഷം വാഹനങ്ങൾ തിരികെ വാങ്ങി ഗുണഭോക്തൃലിസ്റ്റിലെ അർഹതപ്പെട്ട മറ്റു ഗുണഭോക്താക്കൾക്ക് നൽകുവാനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതുമാണ്.

## 3-10 സ്കൂളുകളിലേക്ക് ഗ്യാസ് സ്റ്റൗവ്, പാത്രങ്ങൾ വാങ്ങൽ - പദ്ധതി നടത്തിപ്പിലെ അപാകതകൾ

പ്രോജക്ട് - സ്കൂളുകളിലേക്ക് ഗ്യാസ് സ്റ്റൗവ്, പാത്രങ്ങൾ വാങ്ങൽ - പ്രോജക്ട് നമ്പർ - S0255/17

അടങ്കൽ- 90000

ചെലവ് -90000 രൂപ

നിർവ്വഹണം -ഹെഡ്മാസ്റ്റർ

ബിൽ നമ്പർ- 2/16-17 തിയതി : 30-3-2017

മേൽ പദ്ധതിയുടെ ഭാഗമായി 18 സ്കൂളുകളിലേക്ക് ടെണ്ടർ നടപടിയിലൂടെ ഗ്യാസ് സ്റ്റൗവ്, പാത്രങ്ങൾ എന്നിവ വാങ്ങുന്നതിന് വേണ്ടി ടെണ്ടർ ക്ഷണിക്കുകയും, രാജധാനി ഏജൻസീസ്, കെ.പി.എം. സ്റ്റോർസ് എന്നീ രണ്ട് സ്ഥാപനങ്ങളിൽ നിന്ന് ടെണ്ടറുകൾ ലഭിക്കുകയും ചെയ്തിട്ടുണ്ട്. കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത കെ.പി. എം. സ്റ്റോർസിന്റെ ടെണ്ടർ അംഗീകരിക്കുകയും പദ്ധതി നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്.

പദ്ധതി നടത്തിപ്പിലെ അപാകതകൾ

1. ടെണ്ടർ പരസ്യം നൽകിയതിൽ വാങ്ങാനുദ്ദേശിച്ച സാധനങ്ങളുടെ കൃത്യമായ സ്പെസിഫിക്കേഷൻ രേഖപ്പെടുത്തിയിട്ടില്ല. കുക്കർ ഒഴികെയുള്ള സാധനങ്ങളുടെ അളവ്, തൂക്കം എന്നിവ രേഖപ്പെടുത്തിയിട്ടില്ല. അതുകൊണ്ട് ലഭിച്ച നിരക്കുകൾ താരതമ്യം ചെയ്ത് കുറഞ്ഞനിരക്ക് അംഗീകരിച്ചതിന്റെ ഔചിത്യം വ്യക്തമല്ല.

2. ടെണ്ടർ അംഗീകരിക്കുന്നതിനു മുമ്പ്, ലഭിച്ച രണ്ട് ടെണ്ടറുകൾ പ്രകാരം ഓരോ സാധനത്തിന്റെയും തുകകൾ തമ്മിൽ ഒത്ത് നോക്കി താരതമ്യ പട്ടിക

തയ്യാറാക്കിയിട്ടില്ല.

3. ലഭിച്ച ടെണ്ടറുകളിൽ രാജധാനി ഏജൻസീസ് ക്വോട്ട് ചെയ്തിരുന്ന കുക്കർ ഒഴികെയുള്ള എല്ലാ സാധനങ്ങളുടെ ആകെ തുക കെ.പി.എം സ്റ്റോർസ് ക്വോട്ട് ചെയ്ത തുകയേക്കാൾ 825/- രൂപ കുറവാണ്. ആയതിനാൽ കുക്കർ ലഭ്യമാക്കുന്നതിന് കെ.പി.എം സ്റ്റോർസിന്റെ ടെണ്ടറും, ബാക്കി സാധനങ്ങൾ ലഭ്യമാക്കുന്നതിന് രാജധാനി ഏജൻസീസിന്റെ ടെണ്ടറും അംഗീകരിക്കുന്നതിന് പകരം കെ.പി.എം സ്റ്റോർസിന്റെ ടെണ്ടർ അംഗീകരിക്കുകയും, പിന്നീട് കെ.പി.എം സ്റ്റോറുമായി നെഗോഷിയേഷൻ നടത്തുകയും ചെയ്ത നടപടി ക്രമപ്രകാരമല്ല.

6/2-7-2017 നമ്പർ ഓഡിറ്റ് അന്വേഷണത്തിനു നിർവ്വഹണോദ്യോഗസ്ഥൻ ലഭ്യമാക്കിയ മറുപടിയിൽ കൃത്യമായ സ്പെസിഫിക്കേഷൻ ആവശ്യമാണെന്ന് അറിയാതെയാണ് നിർവ്വഹണം നടത്തിയതെന്നും ഭാവിയിൽ ഇത്തരം അപാകതകൾ വരാതെ ശ്രദ്ധിക്കാമെന്നും അറിയിച്ചിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1. ടെണ്ടർ പരസ്യത്തിൽ കൃത്യമായ സ്പെസിഫിക്കേഷൻ (അളവ്/തൂക്കം)രേഖപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്.
2. സാധനങ്ങൾ വാങ്ങുന്നതിനു ഒന്നിൽ കൂടുതൽ ടെണ്ടറുകൾ ലഭിച്ചാൽ ഓരോ സാധനത്തിന്റെയും തുകകൾ തമ്മിൽ ഒത്ത് നോക്കി താരതമ്യ പട്ടിക തയ്യാറാക്കി ഏറ്റവും കുറവ് ക്വോട്ട് ചെയ്ത ടെണ്ടറുകൾ അംഗീകരിക്കേണ്ടതാണ്.
3. ആവശ്യാനുസരണം സാമ്പിളുകൾ ഹാജരാക്കുവാൻ നിർദ്ദേശിച്ച് ആയതിന്റെ അടിസ്ഥാനത്തിൽ ഗുണനിലവാരമുള്ള സാധനങ്ങൾ കണ്ടെത്താവുന്നതാണ്.

# 3-11 പ്രത്യേക കന്നുകുട്ടി പരിപാലനം - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

പ്രോജക്ട് നമ്പർ - S015/17

പ്രോജക്ട് - പ്രത്യേക കന്നുകുട്ടി പരിപാലനം

അടങ്കൽ - 12,50,000 രൂപ (വികസന ഫണ്ട് ജനറൽ)

ചെലവ് -312500 രൂപ

ബിൽ നമ്പർ -2/2016-17 തിയതി : 22-3-2017

മേൽ പദ്ധതിയുടെ ഭാഗമായി 22-3-2017 ൽ മൃഗസംരക്ഷണ വകുപ്പ് കാഫ് ഫീഡ് അസിസ്റ്റന്റ് ഡയറക്ടറുടെ ബാങ്ക് അക്കൗണ്ടിലേക്ക് (A/C No. 714021400000008) 312500

രൂപ മാറ്റി നൽകിയിട്ടുള്ളതാണ്. ടി തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. 22-7-2017 ലെ ഓഡിറ്റ് അന്വേഷണം നമ്പർ 6 ന് ലഭ്യമാക്കിയ മറുപടിയിൽ പദ്ധതി പൂർത്തീകരിക്കുന്ന മുറയ്ക്ക് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുവാനായി മൃഗസംരക്ഷണ വകുപ്പിനു കത്ത് നൽകിയിട്ടുള്ളതായി അറിയിച്ചിട്ടുണ്ട്. ആയത് ലഭ്യമാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-12 പി.എം.എ.വൈ ഭവന പദ്ധതി (എസ്.സി), ഐ.എ.വൈ അധിക വിഹിതം (എസ്.സി) - വിനിയോഗ രേഖകൾ ലഭ്യമാക്കിയിട്ടില്ല

പി.എം.എ.വൈ ഭവന പദ്ധതി വിഹിതം നൽകൽ (എസ്.സി), ഐ.എ.വൈ അധിക വിഹിതം (എസ്.സി) എന്നീ പദ്ധതികൾക്കായി താഴെ പറയും പ്രകാരം കൈമാറിയ തുകകളുടെ വിനിയോഗ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

| പ്രൊജക്റ്റ് | ബിൽ നം. / തിയതി | തുക | തുക കൈപ്പറ്റിയത് |
|---|---|---|---|
| 80/17പി.എം.എ.വൈ ഭവന പദ്ധതി വിഹിതം (എസ്.സി) | 7/16-17 /29-3-17 | 60,000 രൂപ | ബി.ഡി.ഒ. ഒറ്റപ്പാലം<br>(A/CNo.580002010006267) |
| ഐ.എ.വൈ അധിക വിഹിതം (എസ്.സി) | 3/16-17/<br>29-3-17 | 502000 | ഒറ്റപ്പാലം ബ്ലോക്ക് സെക്രട്ടറി<br>(A/C No 40268100101649) |

14 /25-7-2017 ഓഡിറ്റ് അന്വേഷണത്തിനു നിർവ്വഹണോദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയില്ല. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# ഭാഗം-4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്,നം | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ജില്ലാ പഞ്ചായത്ത്<br>ശുചിത്വമിഷൻ | 1200000 | സമഗ്ര നെൽകൃഷി<br>നം. 214/17 | 1200000 | 0 |

| | | | | |
|---|---|---|---|---|
| ബ്ളോക്ക് പഞ്ചായത്ത് | 170000 | വനിതകൾക്ക് ബയോഗ്യാസ് പ്ലാന്റ്<br>നം.4/17 | 161500 | 8500 |
| | 25000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി<br>നം.144/17 | 25000 | 0 |

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ/ചെക്ക് നമ്പർ | തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ബാക്കി തുക |
|---|---|---|---|---|---|---|
| ഒന്നുമില്ല | | | | | | |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിയ്ക്കാൻ അവശേഷിക്കുന്നത്

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് | കൺവീനർ | ബിൽ വൗച്ചർ നമ്പർ | തുക | ക്രമീകരിച്ചത് | ബാക്കി | റിമാർക്സ് |
|---|---|---|---|---|---|---|---|
| ഒന്നുമില്ല | | | | | | | |

## 4-4 വായ്പ/വിനിയോഗം/വീഴ്ചകൾ എന്നിവയുടെ വിവരം

| ക്രമ നം. | 2015-16 ൽ ലഭിച്ച വായ്പ | ഉദ്ദേശ്യം | നിശ്ചിത കാലാവധിയിൽ ചെലവഴിച്ച തുക | വിനിയോഗിയ്ക്കാനവശേഷിയ്ക്കുന്നത് | ഉദ്ദേശ്യലക്ഷ്യം നേടിത് സംബന്ധിച്ച വിവരം |
|---|---|---|---|---|---|
| ഒന്നുമില്ല | | | | | |

(ii) വായ്പ തിരിച്ചടവിന്റെ വിവരം

| ക്രമ | വായ്പയുടെ | ഉത്തരവ് | വായ്പ | തിരിച്ച | തൻവർഷം | വർഷാവസാന |
|---|---|---|---|---|---|---|

| നം. | ഉദ്ദേശ്യം | നം./ തിയ്യതി | തുക | ടയ്യാനുള്ള മുൻബാക്കി | അടച്ചത് | | ബാക്കി |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| 1 | ഇ.എം.എസ് ലോൺ | ലഭ്യമല്ല | 14887500 | 2538528 | 1759203 | 0 | 779325 |

# 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 1199191 |
| തൻവർഷം നിക്ഷേപിച്ച തുക | 143039 |
| ആകെ | 1342230 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 1342230 |

(2016-17)വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു

| നിക്ഷേപത്തിന്റെ വിവരം | തുക | രശീതി നം, |
|---|---|---|
| പഞ്ചാബ് നാഷണൽ ബാങ്ക്, അമ്പലപ്പാറ | 1342230 | 425300PU0003451 /7.12.2016 |

# 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറി ഇനത്തിൽ തൻവർഷം 104717 രൂപ ഈടാക്കിയിട്ടുണ്ട്.

| ക്രമ നമ്പർ | ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡികനമ്പർ | ഉത്തരവാദി | ഈടാക്കിയ തുക | രശീതി നമ്പർ/ തിയതി |
|---|---|---|---|---|---|
| 1 | 2012-13 | 3- 1<br>(2,3,5,6,7,8, 10, 11,13) | അഭിലാഷ് കൃഷ്ണൻ<br>അസിസ്റ്റന്റ് എഞ്ചിനിയർ<br>എൽ.എസ്.ജി.ഡി | 103495 | 11608101549/ 31.5.2016 |

| | | | | | |
|---|---|---|---|---|---|
| 2 | 2014-15 | 3- 6 | സുരേഷ് ബാബു<br>കരാറുകാരൻ | 1222 | 11608101055/<br>6.5.2016 |
| | | | ആകെ | 104717 | |

# 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഒന്നുമില്ല

# 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ്<br>(മുന്നിരിപ്പ് ഉൾപ്പെടെ) | 74216096.50 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 55690078.00 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 15090 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 29790 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | - | 7155 | ജോമോൻ ജോർജ്ജ് സെക്രട്ടറി |
| 3-2 | - | 1680 | ജോമോൻ ജോർജ്ജ് സെക്രട്ടറി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക | തടസ്സം | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-3 | 29790 | ജോയ്. എം.ഡി, അസിസ്റ്റന്റ് സെക്രട്ടറി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഒന്നുമില്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഒന്നുമില്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ജോമോൻ ജോർജ്ജ്<br>സെക്രട്ടറി | സെക്രട്ടറി,കടമ്പഴിപ്പുറം ഗ്രാമ പഞ്ചായത്ത് | നടുവില വീട്ടിൽ ഹൗസ്,<br>16-ാം മൈൽ,<br>അഴിയന്നൂർ പി.ഒ.<br>പാലക്കാട്-678633 |

# 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 1996-97 | എൽ.എഫ്.പി-8/709/98/18.2.99 | ഫർദർ റിമാർക്സ് പുറപ്പെടുവിച്ചു |
| 1997-98 | എൽ.എഫ്.പി-6/1643/99/26/6/00 | ഫർദർ റിമാർക്സ് പുറപ്പെടുവിച്ചു |
| 1998-99 | എൽ.എഫ്.പി-11/165/01/26.6.00 | ഫർദർ റിമാർക്സ് പുറപ്പെടുവിച്ചു |

| | | |
|---|---|---|
| 1999-2000 | എൽ.എഫ്.പി-12/1236/03/24.8.04 | ഫർദർ റിമാർക്സ് പുറപ്പെടുവിച്ചു |
| 2000-01 | എൽ.എഫ്.പി-14/938/04/27.1.06 | ഫർദർ റിമാർക്സ് പുറപ്പെടുവിച്ചു |
| 2001-02 | എൽ.എഫ്.പി-14/977/05/13.2.06 | ഫർദർ റിമാർക്സ് പുറപ്പെടുവിച്ചു |
| 2002-03 | എൽ.എഫ്.പി-14/1835/08/17.3.11 | ഫർദർ റിമാർക്സ് പുറപ്പെടുവിച്ചു |
| 2003-04 | എൽ.എഫ്.പി-14/1836/08/4.1.10 | ഫർദർ റിമാർക്സ് പുറപ്പെടുവിച്ചു |
| 2004-05 | എൽ.എഫ്.പി-14/1837/08/7.4.11 | ഫർദർ റിമാർക്സ് പുറപ്പെടുവിച്ചു |
| 2005-06 | എൽ.എഫ്.പി-14/1838/08/7.4.11 | ഫർദർ റിമാർക്സ് പുറപ്പെടുവിച്ചു |
| 2006-07 | എൽ.എഫ്.പി-14/1839/08/7.4.11 | ഫർദർ റിമാർക്സ് പുറപ്പെടുവിച്ചു |
| 2007-08 | എൽ.എഫ്.പി-16/2386/12/14.2.14 | ഫർദർ റിമാർക്സ് പുറപ്പെടുവിച്ചു |
| 2008-09 | എൽ.എഫ്.പി-16/2386/12/14.2.14 | ഫർദർ റിമാർക്സ് പുറപ്പെടുവിച്ചു |
| 2009-10 | എൽ.എഫ്.പി-16/407/13/3.3.14 | ഫർദർ റിമാർക്സ് പുറപ്പെടുവിച്ചു |
| 2010-11 | എൽ.എഫ്.പി-16/407/13 3.3.14 | ഫർദർ റിമാർക്സ് പുറപ്പെടുവിച്ചു |
| 2011-12 | എൽ.എഫ്.പി-16/407/13/3.3.14 | ഫർദർ റിമാർക്സ് പുറപ്പെടുവിച്ചു |
| 2012-13 | എൽ.എഫ്.പി-16/455/15/10.8.15 | ഫർദർ റിമാർക്സ് പുറപ്പെടുവിച്ചു |
| 2013-14 | കെ.എസ്.എ.പി.കെ.ഡി 16/960/2016 /11.7.16 | ഫർദർ റിമാർക്സ് പുറപ്പെടുവിച്ചു |

| | | |
|---|---|---|
| 2014-15 | കെ.എസ്.എ.പി.കെ.ഡി 16/960/2016 /11.7.16 | ഓഡിറ്റ് റിപ്പോർട്ട് പുറപ്പെടുവിച്ചു |
| 2015-16 | കെ.എസ്.എ.പി.കെ.ഡി 16/1881/16 11.11.16 | ഓഡിറ്റ് റിപ്പോർട്ട് പുറപ്പെടുവിച്ചു |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്

## അനുബന്ധം

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ-പികെഡി16/1583/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

പാലക്കാട്

തിയതി -29-08-2017

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പ്, ബന്ധപ്പെട്ട ചട്ടങ്ങൾ ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ അവലംബിച്ചും പാലക്കാട് ജില്ലയിലെ അമ്പലപ്പാറ ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സാക്ഷപത്രത്തിൽ അന്യത്ര ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ അമ്പലപ്പാറ ഗ്രാമപഞ്ചായത്തിന്റെ 2016-17 ലെ വാർഷിക ധനകാര്യപത്രിക, വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

## അപാകതകളുടെ സംക്ഷിപ്തം

1. ആസ്തിമൂല്യം കാലികമാക്കി സാംഖ്യയുമായി ബന്ധിപ്പിച്ചിട്ടില്ല. ആയതിനാൽ ബാലൻസ് ഷീറ്റിലെ ആസ്തിമൂല്യം യഥാർത്ഥ ആസ്തിമൂല്യവുമായി പൊരുത്തപ്പെടുന്നില്ല.
2. വാർഷിക ധനകാര്യപത്രികയിലെ വസ്തുനികുതി ഡിമാന്റ്, കുടിശ്ശിക ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ സഞ്ചയ സോഫ്റ്റ്വെയർ മുഖേന തയ്യാറാക്കിയ കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.
3. തനതുഫണ്ട് ബാങ്ക് അക്കൗണ്ട് (പഞ്ചാബ് നാഷണൽ ബാങ്ക് - അക്കൌണ്ട് നം 4253000100050075) ബാങ്ക് ബുക്കുമായി റിക്കൺസിലിയേഷൻ നടത്തിയിട്ടില്ല.

ഡെപ്യൂട്ടി ഡയറക്ടർ

No. KSA-PKD16/1583/2017

Kerala State Audit Department

District Audit Office

Palakkad

Date -29-08-2017

## Audit Certificate

Certified that I have audited the Annual Financial Statement of Ambalapara Gramapanchayat in Palakkad District for the year ended on 31-3-2017 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Ambalapara Gramapanchayat Gramapanchayat for the year 2016-17 except the observations attached with this certificate properly presents the picture of income and expenditure.

Deputy Director

## Abstract of Defects

1. Asset values not updated and linked with Sankhya. Hence Balance sheet does not reflects actual value of assets.
2. Arrear and current demand, Collection, Balance amounts shown in AFS not in agreement with data prepared by Sanchaya Software.
3. Own fund bank account (A/c No.4253000100050075) with the The Punjab National bank ) not reconcilied with bank book.

Deputy Director